(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്കുകൾ അടിയന്തിരമായി നൽകാൻ നടപടി

*4 [607] *ശ്രീ. കെ. എൻ. എ. ഖാദർ:*
,, *സി. ടി. അഹമ്മദ് അലി:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *ചെർക്കളം അബ്ദുള്ള:*
,, *ടി. പി. എം. സാഹിർ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ബുക്കുകൾ തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് പുസ്തകം ലഭിക്കാൻ ഗസറ്റ് നോട്ടിഫിക്കേഷൻ വേണമെന്ന് നിർബന്ധമുണ്ടോ;

(ബി) അപേക്ഷകർക്ക് വേഗം ഡ്യൂപ്ലിക്കേറ്റ് പുസ്തകം ലഭിക്കാൻ ഗസറ്റ് വിജ്ഞാപനത്തിന് പകരം പത്രപരസ്യം മതി എന്ന് തീരുമാനിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഡ്യൂപ്ലിക്കേറ്റ് പുസ്തകം അത്യാവശ്യമായ ഘട്ടത്തിൽ അപേക്ഷയോടൊപ്പം പത്രപരസ്യം കൂടെ നൽകിയാൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(ഡി) പാസ്പോർട്ട് ഓഫീസുകളിലും മറ്റും ചെയ്യുന്നതുപോലെ പ്രത്യേക ഫീസ് ഏർപ്പെടുത്തി അടിയന്തിര ഘട്ടത്തിൽ തൽക്കാൽ കാറ്റഗറിയായി പുസ്തകം വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഇല്ല.

(ബി) ഗസറ്റ് വിജ്ഞാപനം ഒഴിവാക്കി പകരം പത്ര പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് നൽകുന്നതിനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അപേക്ഷയോടൊപ്പം ഗസറ്റ് വിജ്ഞാപനത്തിന് പകരം പത്ര പരസ്യത്തിന്റെ പകർപ്പും കൂടെ മറ്റ് നിർദ്ദിഷ്ട രേഖകളും കൂടി സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly